(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) തിരുവനന്തപുരം-കോഴിക്കോട് റൂട്ടിൽ കടൽമാർഗ്ഗം ഒരു കറ്റ്മരൻ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

അപകടം മൂലം പരിക്കുപറ്റിയവർക്കും ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തിനും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സത്വര നടപടി

* 7 [819] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ് :
,, തോമസ് ഉണ്ണിയാടൻ :
,, മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ അപകടംമൂലം പരിക്കുപറ്റിയവർക്കും ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇത്തരം കേസുകളിൽ എത്രയും വേഗം നഷ്ടപരിഹാരത്തുക ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) നഷ്ടപരിഹാരത്തുക നൽകുന്നതിന് എത്ര കേസ്സുകൾ നിലവിൽ ഉണ്ടെന്നും ഇതിൻപ്രകാരം നൽകാനുള്ള തുക എത്രയെന്നും അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതികൾകൊണ്ട് യഥാസമയം നഷ്ടപരിഹാരം കൊടുക്കാൻ ചിലപ്പോൾ സാധിച്ചിട്ടില്ല.

(സി) സ്വീകരിക്കുന്നുണ്ട്.

(ഡി) 10,479 കേസ്സുകൾ നിലവിലുണ്ട്. ഇതിൻപ്രകാരം 15,71,85,000 രൂപ നൽകുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly